# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 സെപ്റ്റംബർ 29 വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -326)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 874 മുതൽ 982 വരെ |
| റവന്യൂവകുപ്പുമന്ത്രി | : 983 മുതൽ 1063 വരെ |
| മരാമത്ത് വകുപ്പുമന്ത്രി | : 1064 മുതൽ 1155 വരെ |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 1156 മുതൽ 1199 വരെ |

## അദ്ധ്യാപക പാക്കേജ്

874

ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് അന്തിമമായ തീരുമാനം എടുത്തിട്ടുണ്ടോ;

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

(സി) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വിദ്യാഭ്യാസാവകാശ നിയമത്തിന്റെ കൂടി ഭാഗമായിട്ടാണോ അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നത്;

(ഡി) അദ്ധ്യാപക പാക്കേജിന് ആകെ ആവശ്യമായ തുക എത്രയാണ്;

(ഇ) കേന്ദ്ര സർക്കാരിൽ നിന്നും ഇതിലേയ്ക്കായി എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപകർക്കുള്ള അവാർഡ് നിർണ്ണയം</u>

875 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്കുള്ള അവാർഡ് നിർണ്ണയ രീതി എങ്ങനെയാണ്;

(ബി) ഇതിന് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എങ്ങനെയാണ് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) അവാർഡ് നേടുന്ന അദ്ധ്യാപകർക്ക് സർവ്വീസ് രംഗത്ത് ആനുകൂല്യം നൽകുന്ന കാര്യം പരിശോധിക്കുമോ;

(ഇ) അവാർഡ് തുക കാലോചിതമായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കെ. ഇ. ആര്‍ പരിഷ്കരണം</u>

876 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കാന്‍ തീരുമാനിച്ച സാഹചര്യത്തില്‍ പൊതു വിദ്യാഭ്യാസ നിയമത്തില്‍ (കെ. ഇ. ആര്‍) സമഗ്രമായ പരിഷ്കരണം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ അതുമായി ബന്ധപ്പെട്ട കാര്യങ്ങള്‍ ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) കെ. ഇ. ആര്‍. പരിഷ്കരണം സംബന്ധിച്ച് ഇതിനകം ലഭിച്ച എത്ര റിപ്പോര്‍ട്ടുകള്‍ സര്‍ക്കാരിന്റെ കൈവശമുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കില്‍ കെ. ഇ. ആറിന് പകരം സമഗ്രമായ ഒരു പുതിയ വിദ്യാഭ്യാസ നിയമം കൊണ്ട് വരുന്ന കാര്യം പരിഗണനയിലുണ്ടോ; ആയതിന്റെ വിശദാംശം നല്‍കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ പാക്കേജ്</u>

877 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു പാക്കേജ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയ അദ്ധ്യാപക നിയമന പാക്കേജ്, ടീച്ചേഴ്സ് ബാങ്ക് എന്നിവയെപ്പറ്റി വിശദമാക്കുമോ;

(സി) ഈ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പാക്കേജ്</u>

878 ശ്രീ.എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ പ്രഖ്യാപിച്ച വിദ്യാഭ്യാസ പാക്കേജിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം രൂപീകരിക്കുന്ന ടീച്ചേഴ്സ് ബാങ്കിന്റെ ഘടനയും പ്രവര്‍ത്തനവും എപ്രകാരമായിരിക്കുമെന്ന് വിശദമാക്കുമോ ;

(സി) എയ്ഡഡ്/മാനേജ്മെന്റ് സ്കൂളുകളെ സമഗ്ര വിദ്യാഭ്യാസ പാക്കേജിന്റെ ഭാഗമാക്കുന്ന കാര്യത്തില്‍ സര്‍ക്കാര്‍ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ

879

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, മഞ്ഞളാംകുഴി അലി
,, കെ. എം. ഷാജി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയുടെ ഗുണപരമായ വികസനം ലക്ഷ്യം വച്ച് വിദ്യാഭ്യാസ പാക്കേജ് ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിൽ എന്തൊക്കെ വിഷയങ്ങൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായുള്ള അഭിപ്രായരൂപീകരണവുമായി ബന്ധപ്പെട്ട് ഏതൊക്കെ മേഖലകളിലുള്ള വിദഗ്ദ്ധരുമായി ചർച്ച നടത്തിയിട്ടുണ്ട്;

(ഇ) ഇനി ഇക്കാര്യത്തിൽ ഏതെങ്കിലും വിഭാഗവുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

880 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. രാജു എബ്രഹാം
'' ബാബു എം. പാലിശ്ശേരി
'' കോലിയക്കോട് എൻ.കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധ്യാപക പാക്കേജ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയുമ്പോൾ എയ്ഡഡ് സ്കൂളുകളിൽ ആകെ എത്ര ഒഴിവു വരുമെന്നാണ് കണക്കാക്കുന്നത്;

(സി) ഇതിൽ എത്ര തസ്തികകളിൽ മാനേജർമാർക്ക് നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ സ്കൂളുകളിൽ ഈ വർഷം എത്ര ഒഴിവുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഒഴിവുകളിൽ എത്ര അധ്യാപകരെ സംരക്ഷിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ടീച്ചേഴ്സ് ബാങ്കിലുള്ള അധ്യാപകരെ ഗവൺമെന്റ് സ്കൂളിലുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(എഫ്) സർക്കാർ സ്കൂളുകളിൽ അധ്യാപക നിയമനം ടീച്ചേഴ്സ് ബാങ്കിൽ നിന്ന് മാത്രമാണോ നടത്താൻ ഉദ്ദേശിക്കുന്നത് എന്നും പി.എസ്.സി. നിയമനം തുടരുമോ എന്നും വ്യക്തമാക്കാമോ;

(ജി) ടീച്ചേഴ്സ് ബാങ്കിലെ അധ്യാപകർക്ക് ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ശമ്പളം നൽകുന്നത് എന്ന് അറിയിക്കുമോ;

(എച്ച്) സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക സ്കൂളുകളിൽ നിലനിർത്തുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസ പാക്കേജിലെ വ്യവസ്ഥകൾ

881

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച സമഗ്ര വിദ്യാഭ്യാസ പാക്കേജിലെ വ്യവസ്ഥകൾ വിശദീകരിക്കാമോ;

(ബി) പാക്കേജ് എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്നറിയിക്കാമോ;

(സി) അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുമ്പോൾ മുൻകാല പ്രാബല്യം അഥവാ നിയമന തീയതി മുതൽ അംഗീകാരവും ശമ്പളവും നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

## നാഷണൽ മിൻസ് കം മെറിറ്റ് സ്കോളർഷിപ്പ്

882 ശ്രീ. എൻ.എ നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ മിൻസ് കം മെറിറ്റ് സ്കോളർഷിപ്പ് കേരളത്തിൽ എത്ര കുട്ടികൾക്ക് ലഭിക്കുന്നുണ്ട്;

(ബി) 2008-09 വർഷത്തിൽ നാഷണൽ മിൻസ് കം മെറിറ്റ് സ്കോളർഷിപ്പിനു അർഹരായ വിദ്യാർത്ഥികൾക്ക് 3 വർഷമായിട്ടും തുക ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാരണമെന്താണ്;

(ഡി) അർഹരായ എത്ര കുട്ടികൾക്ക് തുക നൽകാനുണ്ട്;

(ഇ) സ്കോളർഷിപ്പ് തുക എന്ന് വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>മെറിറ്റ് -കം- മീൻസ് സ്കോളർഷിപ്പ്</u>

883

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് മെറിറ്റ് -കം- മീൻസ് സ്കോളർഷിപ്പുകളടക്കം ഒരു സ്കോളർഷിപ്പുകളും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിലെ (ചകഛട) കുട്ടികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുള്ളപ്പോൾ സംസ്ഥാന ഓപ്പൺ സ്കൂളിലെ കുട്ടികൾക്കും ഈ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>മലയാളം ഒന്നാം ഭാഷ</u>

0884 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം ഒന്നാംഭാഷയാക്കുന്നതിനുള്ള തീരുമാനം നടപ്പാക്കപ്പെടുന്നതിൽ വീഴ്ച വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര സ്കൂളുകളിൽ പ്രസ്തുത തീരുമാനം നടപ്പാക്കിയിട്ടില്ലെന്ന് വ്യക്തമാക്കുമോ; ആയതിന്റെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങൾ</u>

885 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭ അംഗീകാരം നല്കിയ, വിദ്യാഭ്യാസ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങളോടുകൂടിയ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഈ റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റിപ്പോർട്ട് തയ്യാറാക്കാൻ സമിതിയെ നിയോഗിച്ചത് എന്നായിരുന്നു;

(ഡി) നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭാസ മേഖലയുടെ ഗുണനിലവാരം</u>

886 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്താൻ എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സർക്കാർ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംരക്ഷണം</u>

887

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ - എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. സ്കൂളുകള്‍ക്ക് എന്‍. ഒ. സി.

888 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. സ്കൂളുകള്‍ക്ക് എന്‍. ഒ. സി. നല്‍കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എത്ര സ്കൂളുകള്‍ക്കാണ് എന്‍. ഒ. സി. നല്‍കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം സര്‍ക്കാര്‍, എയ്ഡഡ് സ്കൂളുകളില്‍ കുട്ടികളുടെ എണ്ണത്തില്‍ കുറവു വന്നിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ അതിന് എന്തു പരിഹാരമാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

പരീക്ഷാ ഭവനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

889 ശ്രീ.പി. ടി. എ.റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പ്കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കാത്തത് കാരണം അപേക്ഷകർക്കുണ്ടാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്കിന് അപേക്ഷ നൽകുന്നവർക്ക് എത്ര ദിവസത്തിനകമാണ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നത് ;

(ഡി) മുഹമ്മദ് അശ്റഫ് എന്നയാളുടെ സി5/6497/2011, താഹിറ.കെ.ടി എന്നയാളുടെ സി4/31342/2011 എന്നീ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫീക്കറ്റിനായുള്ള അപേക്ഷകളിന്മേൽ ഇതുവരെയും തീരുമാനമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇവർക്ക് എന്നത്തേക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സർട്ടിഫിക്കറ്റ് മാറ്റിക്കിട്ടാൻ നടപടി</u>

890 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ കുട്ടികൾക്ക് നൽകിയ സർട്ടിഫിക്കറ്റിൽ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങളും മാർക്കും മാഞ്ഞുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ സംഭവിച്ച കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ മാറ്റിക്കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ യെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബാച്ചിലുള്ള മറ്റു കുട്ടികളുടെ സർട്ടിഫിക്ക റ്റിലെ വിവരങ്ങൾ മാഞ്ഞുപോയതായി ഇപ്പോൾ കണ്ടെ ത്തിയാൽ അവർക്കും സർട്ടിഫിക്കറ്റ് മാറ്റികൊടുക്കുന്ന തിനുള്ള നടപടി സീകരിക്കുമോയെന്ന് വ്യക്തമാക്കു മോ;

(ഡി) നിലവാരം കുറഞ്ഞ മഷി ഉപയോഗിച്ച് ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ തയ്യാറാക്കിയതിനെക്കുറിച്ച് അന്വേ ഷണം നടത്തിയിട്ടുണ്ടോ;
ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>എസ്. എസ്. എൽ. സി. ബുക്കിൽ ജനന തീയതി തിരുത്തിക്കിട്ടുന്നതിന് നടപടി</u>

891 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ബുക്കിൽ ജനന തീയതി തിരുത്തിക്കിട്ടുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ബി) ജനന തീയതി തിരുത്തി കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ഓണപരീക്ഷയും, ക്രിസ്തുമസ് പരീക്ഷയും

892 ശ്രീ.വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഓണപരീക്ഷയും, ക്രിസ്തുമസ് പരീക്ഷയും പുന:സ്ഥാപിക്കുന്നതിനുള്ള അക്കാദമിക കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) എസ്.സി.ഇ.ആർ.ടി.യോ കരിക്കുലം കമ്മിറ്റിയോ ഇത്തരമൊരു ശുപാർശ സമർപ്പിച്ചിട്ടുണ്ടോ ;

(സി) ടെർമിനൽ പരീക്ഷകളിൽ മാത്രം ഒതുങ്ങാതെ നിരന്തര മൂല്യ നിർണ്ണയത്തിന് പ്രാധാന്യം നൽകണമെന്ന് എസ്.സി.ഇ.ആർ.ടി.യുടേയും കരിക്കുലം കമ്മിറ്റിയുടേയും തീരുമാനം വീണ്ടും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

സ്പെഷ്യൽ സ്കൂളുകളിലെ ഭക്ഷണ അലവൻസ്

893 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിലെ അന്ധ-ബധിര വിദ്യാർത്ഥികൾക്ക് ഭക്ഷണ അലവൻസായി ഓരോ കുട്ടിയ്ക്കും മാസത്തിൽ എത്ര രൂപയാണ് അനുവദിച്ചിരുന്നത്;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം കണക്കിലെടുത്ത് ഭക്ഷണ അലവൻസ് ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക സർവ്വീസ് ക്രമീകരണം സംബന്ധിച്ച ഉത്തരവ്</u>

894 ശ്രീ. എ. കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് പി.എസ്.സി. യുടെ അംഗീകാരത്തോടെ അദ്ധ്യാപക സർവ്വീസ് ക്രമീകരണം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ തുടർനടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

സ്റ്റാഫ് ഫിക്സേഷൻ ഓർഡർ അടിസ്ഥാനത്തിൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ

895 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 അദ്ധ്യയന വർഷത്തിൽ നടന്ന സ്റ്റാഫ് ഫിക്സേഷൻ ഓർഡർ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂളുകളിൽ മൊത്തം എത്ര അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ ഉണ്ടെന്ന് ജില്ല തിരിച്ച കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഓർഡറിൽ ഒന്നു മുതൽ പത്തുവരെ എത്ര ഡിവിഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2010-11 വരെ ഉണ്ടായിരുന്ന എത്ര ഡിവിഷനുകൾ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് വഴി നഷ്ടപ്പെടുകയുണ്ടായി; പുതുതായി എത്ര ഡിവിഷനുകൾ അനുവദിക്കുകയുണ്ടായി?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപകരുടെ ജോലി സ്ഥിരതയും നിയമനാംഗീകാരവും</u>

896 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അദ്ധ്യാപകരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും നിയമനാംഗീകാരം നൽകുന്നതിനും ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ബദൽ സ്കൂളുകളിലെ അധ്യാപക വിദ്യാർത്ഥി എണ്ണം

897 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസിമേഖലയിലെയും തീരദേശ മേഖലയിലെയും കുട്ടികളുടെ പഠനത്തിനായി ബദൽ സ്കൂളുകൾ എന്ന പേരിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇത്തരം ബദൽ സ്കൂളുകളിലായി എത്ര വിദ്യാർത്ഥികളും അധ്യാപകരും, മറ്റ് അനധ്യാപകരും പ്രവർത്തിക്കുന്നുവെന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ ബദൽ സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ബദൽ സ്കൂളുകളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ബദൽ സ്കൂളുകളുടെ നവീകരണം</u>

898 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബദൽ സ്കൂളുകൾ നവീകരിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത മേലയിലെ അദ്ധ്യാപകർക്ക് കുറഞ്ഞ വേതനമാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സ്ഥലസൗകര്യമുള്ള ഇത്തരം സ്കൂളുകൾ എൽ. പി. സ്കൂളുകളായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്</u>

899 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അധ്യാപകർക്കായി ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള അധ്യാപകർക്ക് ഇത് ബാധകമാകുമോ;

(സി) നിലവിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ ഈ ടെസ്റ്റ് പാസ്സാകേണ്ടതുണ്ടോ?

# കേരള നിയമസഭ
## 29.09.2011–ലെ മറുപടിക്ക്

<u>പ്ലസ് -ടു അദ്ധ്യാപകരുടെ സേവന -വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനുള്ള നടപടി</u>

900 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര +2സ്ക്കൂളുകൾ അനുവദിച്ചിട്ടുണ്ട;

(ബി) ഇതിലേയ്ക്കായി എത്ര പ്ലസ് ടു ദ്ധ്യാപക തസ്തികകൾഅനുവദിച്ചിട്ടുണ്ട്; ഈ തസ്തിതകകൾ റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്ത്കൊണ്ട് എന്ന് അറിയിക്കാമോ;

(ഡി) ഈ മേഖലയിൽ നിലനില്ക്കുന്ന അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) തസ്തിക അനുവദിച്ചതുമുതൽ ഇക്കാലയളവു വരെയുള്ള പ്രസ്തുത അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിച്ചുകൊണ്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ - എയ്ഡഡ് സ്കൂളുകളിലെ വിദ്യാര്‍ത്ഥികളുടെ എണ്ണം</u>

901 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ വര്‍ഷത്തെ അപേക്ഷിച്ച്, 2011-12 അദ്ധ്യയന വര്‍ഷത്തില്‍ സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് സര്‍ക്കാര്‍ - എയിഡഡ് സ്കൂളുകളിലെ വിദ്യാര്‍ത്ഥികളുടെ എണ്ണത്തില്‍ എത്ര കുറവ് വന്നിട്ടുണ്ട്;

(ബി) വിദ്യാര്‍ത്ഥികളുടെ എണ്ണത്തില്‍ ഗണ്യമായ കുറവുണ്ടായതിനുള്ള കാരണങ്ങള്‍ എന്തൊക്കെയാണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) അടുത്ത അദ്ധ്യയന വര്‍ഷത്തില്‍ സര്‍ക്കാര്‍ മേഖലയിലെ സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആകര്‍ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ഭിന്നശേഷിയുള്ള അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും കണ്ടെത്തുന്നതിനായി നടപടി

902 ശ്രീ. സണ്ണി ജോസഫ്
'' ജോസഫ് വാഴക്കൻ
'' വർക്കല കഹാർ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും കണ്ടെത്തി ശാക്തീകരിക്കുന്നതിനായി എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവരെയാണ് ഇങ്ങനെ കണ്ടെത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിന് ഐ.ടി ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിക്കുമോ;

(ഡി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പരിശീലന കേന്ദ്രം

903 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പരിശീലന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ ഏത് പദ്ധതിയിൻ കീഴിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഇ) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനരീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം

904 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ / എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് യോഗ്യത നേടിയ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നിയമിക്കുന്നതിന് പദ്ധതിയുണ്ടോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ഓപ്പൺ സ്ക്കൂളിനെ മികവുറ്റതാക്കാൻ നടപടി</u>

905 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓപ്പൺ സ്ക്കൂളിനെ മികവുറ്റതാക്കുന്നതിനും എസ്.സി.ആർ.ടിയിൽ നിന്നും മാറ്റി സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) തൊഴിലധിഷ്ഠിത ഓപ്പൺ ഡിപ്ലോമാ കോഴ്സുകൾ ഈ സ്ഥാപനം വഴി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സാക്ഷരത 'എ' ലവൽ കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്ക്കൂൾ വഴി ഹയർ സെക്കണ്ടറി പ്രവേശനം നേടുന്നതിന് 2011-12 വർഷം സാദ്ധ്യമാകുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ പദ്ധതിയിൽ ഉൽപ്പെടുത്തിയ സ്കൂളുകൾ</u>

906 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതിയിലുൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യാൻ പരിഗണനയിലുള്ള കോഴിക്കോട് ജില്ലയിലെ സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നത് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ അദ്ധ്യാപകരുടെ എണ്ണം

907 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2005 മുതൽ 2011 വരെയുള്ള അദ്ധ്യായന വർഷങ്ങളിൽ സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ്,അൺഎയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള സ്റ്റാൻഡേർഡുകളിൽ ജോലി ചെയ്ത അദ്ധ്യാപകരുടെ എണ്ണം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏറ്റവും അവസാനത്തെ കണക്കനുസരിച്ച് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം മാനേജ്മെന്റ് തിരിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിലുണ്ടായ കുറവ്മൂലം, അംഗീകാരം നഷ്ടമായ അദ്ധ്യാപകരെത്രയാണ് ?

## കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അംഗീകാരമില്ലാത്ത അദ്ധ്യാപകരുടെ എണ്ണം</u>

908 ശ്രീ.എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മേഖലയിൽ അംഗീകാരം ഇല്ലാതെ ജോലി നോക്കി വരുന്ന അദ്ധ്യാപകരുടെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ബി) നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടും കുട്ടികളുടെ കുറവ് മൂലം ഡിവിഷൻ നഷ്ടപ്പെട്ട് ജോലി രഹിതരായ അദ്ധ്യാപകരെത്രയാണ് ; ആയതിന്റെ ജില്ല തിരിച്ചുള്ള ഏറ്റവും ഒടുവിലത്തെ കണക്കുകൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജും മന്ത്രിസഭാ ഉപസമിതിയും</u>

909 ശ്രീ.എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി മന്ത്രിസഭാ ഉപസമിതി, അദ്ധ്യാപക സംഘടനകളുമായും എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളുമായും ചർച്ച നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനകം നടന്ന ചർച്ചകളുടെ മിനിട്ട്സിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(സി) എന്തെല്ലാം കാര്യത്തിൽ മന്ത്രിസഭാ ഉപസമിതി നിർദ്ദേശങ്ങൾ തയ്യാറാക്കുകയുണ്ടായി എന്ന് വിശദമാക്കാമോ ;

(ഡി) ഏതെല്ലാം സംഗതികളിൽ അദ്ധ്യാപക സംഘടനകൾ വിയോജിക്കുകയുണ്ടായി ;

(ഇ) എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ വിയോജിപ്പ് പ്രകടിപ്പിച്ച സംഗതികൾ എന്തൊക്കെയായിരുന്നു ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം</u>

910 ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ 2010-2011 അദ്ധ്യയന വർഷത്തിൽ ഒന്നുമുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ജോലി ചെയ്ത അദ്ധ്യാപകരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഡിവിഷൻ നഷ്ടപ്പെട്ടതുമൂലമോ അതുപോലുള്ള കാരണങ്ങളാലോ നിയമനത്തിന് അനുമതി ലഭിക്കാത്തവർ എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ

911 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതുമൂലം എത്രപേർക്ക് പ്രോട്ടക്ഷന്റെ പ്രയോജനം ലഭിക്കുമെന്ന് പറയാമോ;

(ഡി) ഇതിലൂടെ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണ്;

(ഇ) ഈ നടപടി പി.എസ്.സി റാങ്ക് ലിസ്റ്റിൽനിന്നും നിയമനം പ്രതീക്ഷിക്കുന്നവരെ എത്രത്തോളം ബാധിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി</u>

912 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പലിശരഹിതമാക്കി കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>മദ്രസാ നവീകരണ പദ്ധതി</u>

913 ശ്രീ. പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**<u>വിദ്യാഭ്യാസവകുപ്പു</u> മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാറിന്റെ മദ്രസാ നവീകരണ പദ്ധതി ഏത് വർഷത്തിലാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചത് മുതൽ ഇത്വരെയായി ഓരോ വർഷവും ലഭിച്ച തുക എത്രയാണ്;

(സി) ഓരോ വർഷവും ധനസഹായം ലഭിച്ച മദ്രസകളുടെ എണ്ണം എത്രയാണ്;

(ഡി) 2009 - 2010, 2010-2011 വർഷത്തെ തുക കേന്ദ്രത്തിൽ നിന്ന് ലഭിച്ചത് എന്നാണ്;

(ഇ) പ്രസ്തുത തുക വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്താമാക്കാമോ;

(എഫ) ഇല്ലെങ്കിൽ വിതരണംചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ലീപ് കേരള മിഷൻ</u>

914 ശ്രീമതി കെ.കെ. ലതിക

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതിയായ ലീപ് കേരള മിഷൻ ലൈഫ് ലോങ്ങ് എഡ്യുക്കേഷൻ ആന്റ് അവെയർനെസ് പ്രോഗ്രാം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം ആർജിച്ച സംസ്ഥാനമായി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഓപ്പൺ സ്ക്കൂളിനെ ലീപ് കേരളമിഷനുമായി ബന്ധിപ്പിക്കുവാൻ പദ്ധതിയുണ്ടോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം

915 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2005 മുതൽ 2011 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവേശനം നേടിയ ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥികളുടെ എണ്ണം സർക്കാർ, മാനേജ്മെന്റ് സ്കൂളുകൾ തരംതിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ ഒന്നുമുതൽ നാല് വരെയുള്ള സ്റ്റാൻഡേർഡുകളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച് ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ഒന്നാം ക്ലാസ്സിൽ പുതുതായി പ്രവേശനം ലഭിച്ച മൊത്തം വിദ്യാർത്ഥികളുടെ എണ്ണം</u>

916 ശ്രീ.എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2011 വരെയുള്ള അദ്ധ്യായന വർഷങ്ങളിൽ, സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പുതുതായി പ്രവേശനം ലഭിച്ച മൊത്തം വിദ്യാർത്ഥികളുടെ എണ്ണം ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ്, പ്രൈവറ്റ് അൺഎയ്ഡഡ് എന്നീ മേഖലയിലെ സ്കൂളുകളുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഓരോ വർഷവും എത്ര ശതമാനം വിദ്യാർത്ഥികളുടെ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ., കേന്ദ്രീയവിദ്യാലയം, ജവഹർ നവോദയ വിദ്യാലയങ്ങൾ എന്നീ സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പുതുതായി പ്രവേശനം ലഭിച്ചവരുടെ എണ്ണം എത്രയാണ് ;

(ഡി) ഓരോ വർഷവും എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട് ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ സ്കൂളുകളുടെ എണ്ണം</u>

917 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്കൂളുകളുണ്ട്; അതിൽ ഗവൺമെന്റ് സ്കൂളുകൾ, അൺഎയ്ഡഡ് സ്കൂളുകൾ, എയ്ഡഡ് സൂളുകൾ, പ്രൈവറ്റ് അൺഎയ്ഡഡ് സ്കൂളുകൾ, സി. ബി. എ സ്. ഇ. സ്കൂളുകൾ, ഐ. സി. എ സ്. ഇ. സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, ജവഹർ നവോദയ സ്കൂളുകൾ എന്നിവ എത്ര വീതമാണ്;

(ബി) മേൽപ്പറഞ്ഞ ഓരോ മേഖലയിലും നിലവിലുള്ള ഡിവിഷനുകളെത്രയാണ്; അദ്ധ്യാപകർ എത്രയാണ്;

(സി) സി. ബി. എ സ്. ഇ, ഐ. സി. എ സ്. ഇ സ്കൂളുകൾക്ക് എൻ. ഒ. സി ലഭിക്കുന്നനിനായി സംസ്ഥാനത്ത് ലഭിച്ച അപേക്ഷകളെത്രയാണ്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ചിറ്റടി എ. എൽ. പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി</u>

918 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറ്റടി എ. എൽ. പി. സ്ക്കൂൾ (കണ്ണൂർ ജില്ല, തളിപ്പറമ്പ് നോർത്ത് സബ് ജില്ല) സർക്കാർ ഏറ്റെടുക്കുന്നതിന് സമർപ്പിച്ച നിവേദനത്തിൽ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ കൈവശാവകാശം സംബന്ധിച്ച രേഖ ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ സ്കൂൾ ഏറ്റെടുക്കുന്നതിന് തടസ്സം നിൽക്കുന്ന മറ്റെന്തെങ്കിലും പ്രശ്നങ്ങളുണ്ടോ;

(സി) അടിയന്തിരമായി സ്കൂൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സ്കൂൾ പാഠപുസ്തക നിർമ്മാണം</u>

919 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009-2010, 2010-11 അക്കാദമിക് വർഷങ്ങളിൽ എസ്. സി. ഇ. ആർ. ടി.യിൽ സ്കൂൾ പാഠപുസ്തക നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര സമിതികൾ ഉണ്ടായിരുന്നുവെന്നും ആ സമിതികളിൽ അംഗങ്ങളായിരുന്നവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ബി) 2010-11 അക്കാദമിക് വർഷത്തിൽ പത്താംക്ലാസ്സിലെ മലയാള പാഠപുസ്തക നിർമ്മാണവുമയി ബന്ധപ്പെട്ട് എത്ര ശില്പശാലകൾ നടത്തിയിട്ടുണ്ട്;

(സി) പത്താംക്ലാസിലെ മലയാള പഠപുസ്തക നിർമ്മാണത്തിനുവേണ്ടി നടത്തിയ ശില്പശാലകളിൽ നിന്ന് പ്രസ്തുത സമിതിയംഗങ്ങളായ ഒരു സംഘം അധ്യാപകരെ മാറ്റി നിറുത്തിക്കൊണ്ട് പാഠപുസ്തകം പരിഷ്ക്കരിച്ചതിനെക്കുറിച്ചന്വേഷിക്കാമോ; ഇത് സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ അന്ന് എസ്. സി. ഇ. ആർ. ടി. നടപടി സ്വീകരിക്കാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

പാഠപുസ്തക വിവാദം

920 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങൾ വിവാദങ്ങൾക്ക് അതീതമാകുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പാഠപുസ്തകങ്ങൾ തയ്യാറാക്കൽ കുറ്റമറ്റതാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(സി) ഇക്കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പാഠഭാഗം പിൻവലിക്കണമെന്ന ആവശ്യം</u>

921

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഴാം ക്ലാസിലെ ഐ.സി.എസ്.ഇ. മലയാളം പാഠപുസ്തകത്തിൽ നിന്നും ഒരു പാഠഭാഗം പിൻവലിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാഠഭാഗം പിൻവലിക്കാൻ ആവശ്യപ്പെടുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ പാഠഭാഗത്തിൽ വസ്തുതാവിരുദ്ധമായോ ജനതയ്ക്കിടയിലെ സൗഹൃദാന്തരീക്ഷത്തിന് ഭംഗം വരുത്തുന്ന വിധത്തിലോ ഉള്ള എന്തെങ്കിലും പരാമർശം ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(ഡി) ഈ പാഠഭാഗം പുസ്തകത്തിൽ ചേർത്തത് ഏതു സമിതിയുടെ ശുപാർശ പ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തെയും മഹാന്മാരായ ഭാരതീയരെയും കുറിച്ചുള്ള കൂടുതൽ പാഠഭാഗങ്ങൾ എല്ലാ ക്ലാസ്സിലെയും പുസ്തകങ്ങളിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പാഠപുസ്തക നിർമ്മാണത്തിലെ അപാകതകൾ</u>

922 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തെ പാഠപുസ്തക നിർമ്മാണത്തിലെ അപാകതകൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) പത്താംക്ലാസിലെ പാഠപുസ്തക നിർമ്മാണവുമായി ബന്ധപ്പെട്ട് 2010-ൽ നടത്തിയ ശില്പശാലയിൽ നിന്നും ഒരു സംഘം അദ്ധ്യാപകരെ മാറ്റി നിറുത്തിയ ഉദ്യോഗസ്ഥന്റെ പങ്കിനെക്കുറിച്ച് അന്വേഷണം നടത്തുമോ;

(സി) ഇതു സംബന്ധിച്ചു ലഭിച്ച പരാതികൾ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എസ്.സി.ഇ.ആർ.ടി പാഠപുസ്തക നിർമ്മാണ സമിതികളിൽ ഒരു സംഘം അദ്ധ്യാപകരെ സ്ഥിരമായി നിയമിക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തുമോ;

(ഇ) പാഠപുസ്തക-കരിക്കുലം കമ്മിറ്റികൾ പുന: സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നീന്തൽ പാഠ്യവിഷയമാക്കണമെന്ന നിർദ്ദേശം</u>

923 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നീന്തൽ ഒരു പാഠ്യവിഷയമാക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഗണിക്കുമോ;

(ബി) ഈ വിഷയത്തിൽ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

കൗമാര പ്രശ്നങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസം

924 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൗമാര പ്രശ്നങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഇതുവരെയായി സ്വീകരിച്ചിട്ടുളളത്;

(സി) ഇത്തരം വിദ്യാഭ്യാസം അദ്ധ്യാപക-വിദ്യാർത്ഥി ബന്ധത്തെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി ഏതെങ്കിലും പുസ്തകം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഫീസ് ഏകീകരണം</u>

925

ശ്രീ. പാലോട് രവി
,, ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷങ്ങൾ നടത്തുന്ന സ്കൂളുകളിൽ മാനേജ്മെന്റിന് ഇഷ്ടമുള്ള ഫീസ് ഈടാക്കാൻ വ്യവസ്ഥയുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) ഭൂരിപക്ഷ സമുദായങ്ങളുടെ സ്കൂളുകളിൽ ഫീസ് പിരിച്ചിരുന്നത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു;

(സി) ഇവ തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫീസുകൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അൺഎയിഡഡ് സ്കൂളുകളിലെ ഫീസ്</u>

926 ശ്രീ. കോലിയക്കോട്. എൻ. കൃഷ്ണൻനായർ
ശ്രീമതി കെ.എസ്.സലീഖ
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരിപക്ഷ സമുദായത്തിൽപ്പെട്ടവർ നടത്തുന്ന അൺഎയ്ഡഡ് സ്കൂളുകളിലെ ഫീസ് നിയന്ത്രണം എടുത്തുകളയാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമേ;

(ബി) ഇതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരുന്നു;

(സി) കെ.ഇ.ആറിലെ ഇതു സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥ എന്താണ്;

(ഡി) പുതിയ തീരുമാനം വിദ്യാർത്ഥികൾക്ക് അനുകൂലമാണോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് നിരക്കുകൾ</u>

927 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്ന് വിവിധ സ്കൂളുകൾ പലവിധത്തിലുള്ള ഫീസുകൾ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫീസ് നിരക്കുകൾ ഏകീകരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പെരുന്നാളിന് മൂന്ന് ദിവസത്തെ അവധി</u>

928 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുസ്ലീങ്ങളുടെ ആഘോഷ ദിവസങ്ങളായ പെരുന്നാളുകൾക്ക് സ്കൂളുകളിൽ മൂന്ന് ദിവസത്തെ അവധി വീതം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരെല്ലാമാണ് ഈ ആവശ്യം ഉന്നയിച്ചിട്ടുളളത്;

(സി) കോളേജ് വിദ്യാഭ്യാസ മേഖലയിൽ പെരുന്നാളുകൾക്ക് മൂന്ന് ദിവസം വീതം അവധി നൽകുന്നതിനുളള ഉത്തരവ് നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇത് സ്കൂളുകൾക്ക് കൂടി ബാധകമാക്കുമോ;

(ഇ) 2011 ആഗസ്റ്റ് 31 ന് പെരുന്നാൾ ദിവസമായിട്ടും പൊതു ഒഴിവ് പ്രഖ്യാപിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ താത്ക്കാലിക നിയമനം</u>

929 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 2011-12 വർഷത്തിൽ താത്ക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ, എത്ര ഒഴിവുകളിലേയ്ക്ക് എന്നും ഈ ഒഴിവുകൾ ഉണ്ടാകാനുള്ള സാഹചര്യം എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഇതിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി എന്നായിരുന്നുവെന്നും ഓരോ തസ്തികകളിലേക്കും എത്രവീതം അപേക്ഷകൾവീതം ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ഓപ്പൺ സ്കൂളിലെ താത്കാലിക നിയമനത്തിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഓപ്പൺ സ്കൂളിലെ താത്കാലിക നിയമനങ്ങൾക്ക് ഏതെങ്കിലും വിഭാഗത്തിനോ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കോ സംവരണം നൽകാറുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാം എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിൽ സംസ്കൃതം എച്ച്. എസ്. എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

930 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 27.12.2007-ൽ നിലവിൽ വന്ന സംസ്കൃതം എച്ച്. എസ്. എ.യുടെ റാങ്ക് ലിസ്റ്റിൽ നിന്നുളളവരിൽ എത്ര പേരെ നിയമിച്ചു; ഇനി എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ മണക്കാട്, വിതുര, പേട്ട എന്നീ സ്കൂളുകളിൽ ഇപ്പോൾ സംസ്കൃതം എച്ച്. എസ്. എ.യുടെ ഒഴിവുകൾ നിലവിലുണ്ടോ; ഇത് ഡി. ഡി.ഇ. യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പി. എസ്. സി.യ്ക്ക് എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്കൃതം അദ്ധ്യാപക ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ ഡി. ഡി. ഇ.യിൽ കാലാതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡി. ഡി. ഇ.യിൽ നിന്നും ഒരു ഒഴിവ് മാത്രം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയില്ല എന്ന റൂൾ നിലവിലുണ്ടോ;

(ഇ) റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുതീരുമെന്ന് വ്യക്തമാക്കുമോ; ഈ ലിസ്റ്റിന്റെ കാലാവധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ചാലക്കുടി ഐ. ആർ. എം. എൽ. പി. സ്കൂൾ മുനിസിപ്പാലിറ്റി ഏറ്റെടുക്കുവാൻ നടപടി</u>

931 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട, ചാലക്കുടി ഐ. ആർ. എം. എൽ. പി. സ്കൂൾ ചാലക്കുടി മുനിസിപ്പാലിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള റ്റി. ആർ. പി. പദ്ധതി</u>

932 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി റ്റി. ആർ. പി. പദ്ധതി പ്രകാരം തുക അനുവദിച്ചത്;

(ബി) പ്രസ്തുത തുക ഇനിയും വിനിയോഗിക്കാത്ത സ്കൂളുകൾ ഏതൊക്കെയാണെന്നും, ഈ തുക എത്രയും പെട്ടെന്ന് വിനിയോഗിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകള്‍</u>

933 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളില്‍ ഇപ്പോള്‍ എത്ര ഡിവിഷനുകളുണ്ട്; എത്ര വിദ്യാര്‍ത്ഥികള്‍ ഉണ്ട്; ശരാശരി ഒരു ഡിവിഷനിലെ വിദ്യാര്‍ത്ഥികള്‍ എത്രയാണ്;

(ബി) ഇപ്പോഴത്തെ അദ്ധ്യാപക - വിദ്യാര്‍ത്ഥി അനുപാതം എത്രയാണ്;

(സി) എയ്ഡഡ് സ്കൂളുകളിലെ മൊത്തം അദ്ധ്യാപകര്‍ എത്ര; നിയമനത്തിന് ഇപ്പോഴും അംഗീകാരം ലഭിക്കാത്ത അദ്ധ്യാപകര്‍ എത്രയാണ്;

(ഡി) അദ്ധ്യാപക - വിദ്യാര്‍ത്ഥി അനുപാതം 1:30 ആക്കുന്നതിനെ തുടര്‍ന്ന് എയ്ഡഡ് സ്കൂളുകളില്‍ മൊത്തം എത്ര പുതിയ ഡിവിഷനുകള്‍ ഉണ്ടാകും ;

(ഇ) പുതുതായി ഉണ്ടാകുന്ന ഡിവിഷനുകളില്‍ ഉള്‍പ്പെടുത്താവുന്ന അദ്ധ്യാപകരുടെ എണ്ണം എത്രയാണ്;

(എഫ്) പുതുതായി മാനേജ്മെന്റുകള്‍ക്ക് നിയമനം നടത്താവുന്ന ഡിവിഷനുകള്‍ എത്രയാണ്?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അങ്കമാലിയിലെ സ്കൂളുകളുടെ നവീകരണം</u>

934 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ സർക്കാർ-എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന എൽ.പി/യു.പി. സ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇവയിൽ ശോചനീയാവസ്ഥയിലുള്ള സ്കൂളുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് രക്ഷിതാക്കൾക്കുള്ള വൈമുഖ്യം പരിഗണിച്ച് ഈ സ്കൂളുകളുടെ നവീകരണ പ്രവത്തനങ്ങൾക്കായി നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ഹൈസ്കൂൾ ഇല്ലാത്ത റവന്യൂ വില്ലേജ്</u>

935 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹൈസ്കൂൾ ഇല്ലാത്ത റവന്യുവില്ലേജുകൾ ഉണ്ടോ?

(ബി) കണ്ണൂർ ജില്ലയിലെ മലയോര മേഖലയായ പാണപ്പുഴ വില്ലേജിൽ ഹൈസ്കൂൾ ഇല്ലാത്തത്മൂലം ഈ പ്രദേശത്തെ വിദ്യാർത്ഥികൾ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവിടെ നിലവിലുള്ള സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയോ പുതിയ ഒരു ഹൈസ്കൂൾ അനുവദിക്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ആദിവാസി കേന്ദ്രങ്ങളിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പദവി ഉയർത്തൽ</u>

936 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറയൂർ, ഇടമലക്കുടി മുതലായ ആദിവാസികേന്ദ്രങ്ങളിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളെ സർക്കാർ ഏറ്റെടുത്ത് എൽ.പി. സ്ക്കൂളുകളായോ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളായോ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ ഏക ആദിവാസി പഞ്ചായത്തായ ഇടമലക്കുടി പഞ്ചായത്തിലെ ഏകാദ്ധ്യാപക വിദ്യാലയ ഇടമലക്കുടി സ്ക്കൂളിനെ എൽ.പി.എസ് ആയോ മോഡൽ റസിഡൻഷ്യൽ സ്ക്കൂളായോ പ്രഖ്യാപിക്കുവാൻ മുൻഗണന നൽകുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ചാരുംമൂട് എ.ഇ.ഒ. ഓഫീസ്

937 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ചാരുംമൂട് കേന്ദ്രീകരിച്ച് എ.ഇ.ഒ. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി</u>

938 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുൻ സർക്കാർ തീരുമാനിച്ച പ്രകാരം കൊയിലാണ്ടി മണ്ഡലത്തിലെ കോതമംഗലം ജി. എൽ. പി. സ്കൂൾ, കാവുംവട്ടം എം. യു. പി. സ്കൂൾ എന്നീ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>നേമം യു.പി.എസ്സിലെ കെട്ടിടം</u>

939 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റവന്യൂജില്ലയിലെ നേമം യു.പി.എസ്സിലെ ഒരു കെട്ടിടം തകരാറിലായതു കാരണം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ തകരാർ പരിഹരിച്ച് പ്രവർത്തന സജ്ജമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വാണിയംകുളം ഐ.ടി.ഐ. ക്കു വേണ്ടിയുള്ള സ്ഥലമെടുപ്പ്</u>

940 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് സമയബന്ധിതമായി പൂർത്തികരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഐ.ടി.ഐ കെട്ടിടത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>എ.ഐ.സി.ടി.ഇ. സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം</u>

941 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്.ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.ടി.ഇ. ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത് നടപ്പിലാക്കുന്നതിനുള്ള കാലതാമസമെന്താണ് ;

(സി) ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഐ.എച്ച്. ആർ. ഡി, കേപ്പ്, എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിലും എസ്.സി.റ്റി. എഞ്ചിനീയറിംഗ് കോളേജുകളിലും എ.ഐ.സി.റ്റി.ഇ. ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മലയാള അദ്ധ്യാപക തസ്തിക അനുവദിക്കാൻ നടപടി</u>

942 ശ്രീ. മോൻസ് ജോസഫ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതികവിദ്യാഭ്യാസ വകുപ്പിൽ ടെക്നിക്കൽ ഹൈസ്കൂളുകളിൽമലയാളം പാഠ്യവിഷയമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ആയത് പൊതു വിദ്യാഭ്യാസ വകുപ്പിലെ മലയാളം സിലബസുമായി ഏകീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

(ബി) നിലവിൽ റ്റി. എച്ച്. എസ്സുകളിൽ മലയാളത്തിന് എത്ര പിരീഡാണ് നൽകിയിട്ടുളളത്;

(സി) പ്രസ്തുത വിഷയത്തിന് അദ്ധ്യാപകന നിയമനം കരാർ അടിസ്ഥാനത്തിലാണോ ദിവസനവേതനത്തിലാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) സിലബസ് ഏകീകരണം നടക്കുകയാണെങ്കിൽ റ്റി. എച്ച്. എസ്സുകളിൽ പാർട് ടൈം ആയോ ഫുൾ ടൈം ആയോ മലയാള അദ്ധ്യാപക തസ്തിക അനുവദിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കാക്കാഴം എസ്.എൻ.വി.എച്ച്.എസ് സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി</u>

943 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാക്കാഴം എസ്.എൻ.വി.എച്ച്. എസ് സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) അമ്പലപ്പുഴഎം.എൽ.എയുടെ സാന്നിധ്യത്തിൽ സ്ക്കൂൾ പി.ടി.എ നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ പുതുതായി അനുവദിച്ച ബാച്ചുകൾ</u>

944 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഹയർസെക്കന്ററി വിഭാഗത്തിൽ എത്ര സ്ക്കൂളുകളിൽ അഡീഷണൽ പ്ലസ് വൺ ബാച്ചുകൾ അനുവദിച്ചു; ഇതിൽ സർക്കാർ സ്ക്കൂളുകൾ എത്ര; സ്വകാര്യ എയിഡഡ് സ്ക്കൂളുകൾ എത്ര ; അൺ എയ്ഡഡ് സ്കൂളുകൾ എത്ര; എന്ന് വിശദമാക്കാമോ;

(ബി) എത്ര എൽ.പി., യു.പി സ്ക്കൂളുകൾ ഈ വർഷം അപ്ഗ്രേഡ് ചെയ്തു;

(സി) എത്ര പുതിയ അൺ എയ്ഡഡ് സ്ക്കൂളുകൾ അനുവദിച്ച; അവ ഏതെല്ലാം ജില്ലകളിൽ ആണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പെരുവള്ളൂർ ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം</u>

945 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുവള്ളൂർ ഹയർ സെക്കന്ററി സ്ക്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ പൊതുജനങ്ങൾ വളരെ വർഷങ്ങളായി ആവശ്യപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

മങ്കട വള്ളിപ്പുറം ഹയർ സെക്കന്ററി സ്ക്കൂളിലെ പഠന സൗകര്യം

946 ശ്രീ. റ്റി.എ അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മങ്കട വള്ളിപ്പുറം ഹയർസെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് ഇരുന്ന് പഠിക്കുന്നതിന് ആവശ്യത്തിന് ക്ലാസ് മുറികളില്ലാത്താതിനാൽ വാടകയ്ക്കെടുത്ത സ്കൂൾ ബസ്സിൽ ക്ലാസെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സൂകൂളിൽ ക്ലാസ്മുറികൾ പണിയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകളിലെ സീറ്റുകൾ</u>

947 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ വർഷം ആകെ എത്ര സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇക്കൊല്ലം എത്ര സീറ്റുകളാണ് കുട്ടികളില്ലാതെ ഒഴിഞ്ഞുകിടക്കുന്നത്;

(സി) കുട്ടികളുടെ എണ്ണം നോക്കാതെ അധിക ബാച്ചുകൾ അനുവദിച്ചതുമൂലമാണ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ

## 29.09.2011-ലെ മറുപടിക്ക്

പുതിയ ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപകർക്കുള്ള ശമ്പളം

948 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ പുതിയ ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപകർക്ക് തസ്തിക അനുവദിച്ച് ശമ്പളം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കന്ററി സ്കൂളിൽ ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം ഉയർത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകൾ</u>

949 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ തസ്തിക അനുവദിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ . ഇതിനായി എന്തെല്ലാം നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ അനുവദിച്ച പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഏതെല്ലാം ബാച്ചുകളാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ ബാച്ചിലും എത്ര സീറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

പുതുതായി അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകൾ

950 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച അധിക ഹയർ സെക്കന്ററി ബാച്ചുകൾ ശാസ്ത്രീയമായാണോ അനുവദിച്ചിട്ടുള്ളത് ;

(ബി) ഇതിൽ മിക്കതിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കാരണത്താൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലി സ്ഥിരതയിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുമോ ;

(ഡി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

എസ്.എസ്.എ. ജീവനക്കാരുടെ ദിവസവേതനം

951 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധവകുപ്പുകളിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരുടെ വേതനവർദ്ധനവ് എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നത്;

(ബി) ഇതിലേക്കായി സർക്കാർ പുറത്തിറക്കിയ ജി.ഒ.(പി) 204/2011 /ഫിൻ നമ്പർ ഉത്തരവിൽ നിന്ന് ഏതെങ്കിലും വകുപ്പിലെ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടോ;

(സി) എസ്.എസ്.എയ്ക്ക് കീഴിൽ ജോലി ചെയ്യുന്ന താല്കാലിക കരാർ/ദിവസ വേതന ജീവനക്കാർക്ക് പ്രസ്തുത വേതന വർദ്ധനവ് പ്രകാരമുള്ള അനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം അടിയന്തിരമായി ഇവർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് ഹയര്‍സെക്കണ്ടറി സ്കൂളിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി</u>

952 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊന്നാന്നി നിയോജകമണ്ലത്തിലെ മാറഞ്ചേരി ഗവണ്‍മെന്റ് ഹയര്‍സെക്കണ്ടറി സ്കളില്‍ ആകെയുള്ള 1.23 ഏക്കര്‍ ഭൂമിയിലുള്ള കെട്ടിടങ്ങളില്‍ 3000 ത്തോളം കുട്ടികള്‍ വളരെ പ്രയാസപ്പെട്ട് അദ്ധ്യായനം നടത്തുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത സ്കൂളിന് സ്ഥലം ഏറ്റെടുക്കാന്‍ വേണ്ടി 1974 ല്‍ പി.റ്റി.എ കമ്മിറ്റി 21,700 രൂപ സര്‍ക്കാരിലേക്ക് അടച്ചതിനെപ്പറ്റി അറിവുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത സ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? വിശദാംശങ്ങള്‍ നല്‍കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം</u>

953

ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ ജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ

954

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

സംസ്ഥാനത്തെ എന്‍ജിനീയറിംഗ് കോളേജുകളും സ്വാശ്രയ മെഡിക്കല്‍ കോളേജുകളും

955 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം സംസ്ഥാനത്ത് എത്ര എന്‍ജിനീയറിംഗ് കോളേജുകള്‍ ആരംഭിച്ചു ;

(ബി) സര്‍ക്കാര്‍ മേഖലയിലും സ്വാശ്രയ മേഖലയിലും എത്ര എണ്ണം വീതം ആരംഭിച്ചു എന്നറിയിക്കാമോ ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം അനുവദിക്കപ്പെട്ട എന്‍ജിനീയറിംഗ് കോളേജുകളുടെ വിശദവിവരം ലഭ്യമാക്കാമോ ;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം ഏതെല്ലാം സര്‍ക്കാര്‍ എന്‍ജിനീയറിംഗ് കോളേജുകളില്‍ പുതിയ കോഴ്സുകള്‍ അനുവദിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ഇ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം ഏതെല്ലാം സ്വാശ്രയ എന്‍ജിനീയറിംഗ് കോളേജുകളില്‍ പുതിയ കോഴ്സുകള്‍ അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഐ. ഐ. ടി. സ്ഥാപിക്കാൻ നടപടി</u>

956 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ഐ. ടി. യുടെ ഒരു കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

**സർക്കാർ, സ്വാശ്രയ കോളേജുകളിലെ ബി.ടെക്/എം.ടെക് സീറ്റുകൾ**

957 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സർക്കാർ -സ്വാശ്രയ കോളേജുകളിലായി ബി.ടെക് കോഴ്സുകളിൽ എത്ര സീറ്റുകൾ വർദ്ധിച്ചുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എം.ടെക് പഠനത്തിനായി എത്ര സീറ്റുകൾ വർദ്ധിച്ചുവെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ബി-ടെക് സീറ്റുകളുടെ വർദ്ധനയ്ക്ക് ആനുപാതികമായി എം.ടെക് സീറ്റുകൾ വർദ്ധിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) അന്യ സംസ്ഥാനങ്ങളിലെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ ഈ അവസരം മുതലാക്കി നിരവധി എം.ടെക് കോഴ്സുകൾ ആരംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അന്യസംസ്ഥാന വിദ്യാഭ്യാസ കച്ചവട ലോബികളുടെ ചൂഷണം ഒഴിവാക്കാൻ സംസ്ഥാനത്ത് കൂടുതൽ എം.ടെക് കോഴ്സുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസ കൗൺസിൽ</u>

958 ശ്രീ. എം. എ. വാഹീദ്
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ കാലാവധി എന്നുവരെയാണ്;

(ബി) ഇതു പുന:സംഘടിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ;

(ഡി) ഇത് എന്ന് പുന:സംഘടിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് സ്വകാര്യ പൊതുമേഖലകളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ /എഞ്ചിനീയറിംഗ് കോളേജുകൾ</u>

959 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മെയ് മുതൽ 2011 മെയ് 30 വരെ എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി കൊടുത്തു; ഇതിൽ എത്ര മെഡിക്കൽ കോളേജുകൾ; എത്ര എഞ്ചിനീയറിംഗ് കോളേജുകൾ എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് സ്വകാര്യ പൊതുമേഖലകളിൽ എത്ര എഞ്ചിനീയറിംഗ്/ മെഡിക്കൽ കോളേജുകൾ ആണ് ഉള്ളത്;

(സി) പുതുതായി മെഡിക്കൽ കോളേജുകൾ/ എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു മേഖലയിൽ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ശ്രീമതി സരിതയുടെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി

960 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട ഗവൺമെന്റ് വെൽഫെയർ എൽ. പി. സ്കൂൾ പി.ഡി ടീച്ചറായ ശ്രീമതി സരിതയുടെ മകളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയക്കുവേണ്ടി സർക്കാർ ജീവനക്കാർക്കുള്ള പലിശരഹിത വായ്പ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആക്കി മാറ്റാൻ നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവ് ഉടൻ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

നിർമൽ മാധവന്റെ എഞ്ചിനീയറിംഗ് പ്രവേശനം

961 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലാ ചട്ടങ്ങൾക്ക് അനുസരിച്ചാണോ 22787-ാം റാങ്കുകാരനായ നിർമൽ മാധവ് എന്ന വിദ്യാർത്ഥിക്ക് വെസ്റ്റ് ഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നൽകിയത്;

(ബി) സ്വകാര്യ സ്വാശ്രയ കോളേജിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥിയെ ഇന്റർകോളേജ് ട്രാൻസ്ഫർ വഴി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നൽകിയത് ശരിയായ നടപടിയാണോ;

(സി) വെസ്റ്റ്ഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഒഴിവുളള മെക്കാനിക്കൽ സീറ്റിലേക്ക് എത്രപേർ അപേക്ഷിച്ചിരുന്നു; ഏത് റാങ്ക് വരെയുളളവർക്കാണ് പ്രവേശനം ലഭിച്ചത്;

(ഡി) മാനേജ്മെന്റ് ക്വാട്ടയിൽ സിവിൽ എഞ്ചിനീയറിംഗിൽ പഠനം നിർത്തിയ വിദ്യാർത്ഥിയെ അഞ്ചാം സെമസ്റ്റർ മെക്കാനിക്കൽ എഞ്ചിനീയറിംഗിന് പ്രമോഷനോടുകൂടി സീറ്റ് നൽകിയത് ശരിയായ നടപടിയാണോ;

(ഇ) ഈഴവ ക്വാട്ടയിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിന് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ 5646-ാം റാങ്ക് വരെയുളളവർക്ക് മാത്രമേ പ്രവേശനം ലഭിച്ചിട്ടുള്ളു എന്നിരിക്കെ നിലവിലുളള ചട്ടങ്ങൾക്ക് വിരുദ്ധവും സാമൂഹ്യനീതി നിഷേധിക്കുന്നതുമായ ഇ വിദ്യാർത്ഥിയുടെ പ്രവേശനം റദ്ദാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ചെങ്ങന്നൂർ ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജ്</u>

962

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജിൽ എ. ഐ. സി. റ്റി. ഇ. നിഷ്ക്കർഷിക്കുന്ന വിധത്തിലുള്ള റഫറൻസ് സെക്ഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) എ. ഐ. സി. റ്റി. ഇ. നിഷ്ക്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) റഫറൻസ് സെക്ഷൻ സാദ്ധ്യമാക്കുവാൻ എന്തു കാലതാമസം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സ്വാശ്രയകോളേജുകളിലെ പ്രവേശനം</u>

963 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വാശ്രയകോളേജുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളേജുകളിൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത കോളേജുകളിലെ അഡ്മിഷന് പട്ടികവിഭാഗക്കാർക്കും മറ്റ് പിന്നോക്കവിഭാഗക്കാർക്കും സംവരണം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ

964 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പുതിയതായി എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങാൻ അനുമതി നൽകി;

(ബി) നിലവിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് സർക്കാർ ലിസ്റ്റിൽ നിന്നും പ്രവേശന നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞാൽ പതിനായിരത്തിലധികം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായ അവസ്ഥ സംജാതമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾത്തന്നെ 12,000 ത്തിൽ പരം വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലെ കോളേജുകളിൽ ചേർന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

965 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ അനുമതി നൽകുകയുണ്ടായി ;

(ബി) അനുമതി നൽകിയിട്ടുണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങൾ ഗുണനിലവാരം സംബന്ധിച്ച എ. ഐ. സി. ടി. ഇ. നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് പരിശോധന നടത്താൻ സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) കഴിഞ്ഞ അദ്ധ്യയനവർഷം സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പലതിലും സീറ്റുകൾ ഒഴിഞ്ഞുകിടന്നതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നിര്‍മ്മലഗിരി ആര്‍ട്ട്സ് ആന്റ് സയന്‍സ് കോളേജ്</u>

966 ശ്രീ. റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ കൂത്തുപറമ്പില്‍ പ്രവര്‍ത്തിക്കുന്ന നിര്‍മ്മലഗിരി ആര്‍ട്ട്സ് ആന്റ് സയന്‍സ് കോളേജ് എന്നാണ് സ്ഥാപിതമായത്;

(ബി) ഇത് സംബന്ധിച്ച് ഗവണ്‍മെന്റ് ഉത്തരവ് എന്നാണ് ഇറങ്ങിയത്; ആയതിന്റെ ഒരു പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോളേജ് ഏത് യൂണിവേഴ്സിറ്റിയില്‍ അഫിലിയേറ്റ് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോളേജില്‍ നിലവില്‍ ഏതെല്ലാം കോഴ്സുകള്‍ പഠിപ്പിക്കുന്നുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ</u>

967 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട ആറ്റിങ്ങൽ ഗവ: കോളേജിൽ നിലവിലെത്ര ഡിഗ്രി കോഴ്സുകളും പി. ജി. കോഴ്സുകളും നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണം കൊണ്ട് പുതിയ കോഴ്സുകൾ തുടങ്ങാൻ കഴിയുമോ;

(സി) ചിറയിൻകീഴ് താലൂക്കിലെ ഏക സർക്കാർ കോളേജായ ആറ്റിങ്ങൽ ഗവ: കോളേജിൽ 2011-2012 അദ്ധ്യയന വർഷം വിവിധ കോഴ്സുകളിൽ ചേരാൻ എത്ര പേർ അപേക്ഷ നൽകി; എത്ര പേർക്ക് അഡ്മിഷൻ നൽകി; വിഷയം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) ആറ്റിങ്ങൽ ഗവ: കോളേജിൽ സയൻസ് ബ്ലോക്കിന് വേണ്ടിയുള്ള ബഹുനില മന്ദിര നിർമ്മാണം ഏത് ഘട്ടത്തിലാണ്; എത്ര രൂപയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്;

(ഇ) നിലവിൽ ഗവൺമെന്റ് കോളേജുകളിൽ ഏതെല്ലാം സയൻസ് സബ്ജക്ട് കോഴ്സുകളാണുള്ളത്; ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ഇതിൽ ഏതെല്ലാം കോഴ്സുകളാണുള്ളത്;

(എഫ്) പുതിയ കോഴ്സുകൾ തുടങ്ങാൻ എന്തെങ്കിലും തടസ്സമുണ്ടോ; ആയത് തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ;

(ജി) ആറ്റിങ്ങൽ ഗവ: കോളേജിൽ ആധുനിക ശാസ്ത്രീയ വിഷയങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

**കേരള നിയമസഭ**

**29.09.2011-ലെ മറുപടിക്ക്**

(എച്ച്) മുൻവർഷങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ കോളേജ് അധികൃതർ അപേക്ഷ സമർപ്പിച്ചിരുന്നുവോ; എങ്കിൽ അത് സംബന്ധിച്ച് യൂണിവേഴ്സിറ്റിയും സർക്കാരും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിൽ കോളേജ് അനുവദിക്കുന്നതിനുള്ള നടപടി</u>

968 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ വൈപ്പിൻ മണ്ഡലത്തിൽ പുതുതായി കോളേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന് കെട്ടിടം</u>

969 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ഗ്രാന്റ് വിതരണം</u>

970 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റിനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇപ്പോൾ ഗ്രാന്റിനത്തിൽ കുടിശ്ശികയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗത്തിലെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മട്ടന്നൂര്‍ ഗവണ്‍മെന്റ് പോളിടെക്നിക്കില്‍ പുതിയ കോഴ്സുകള്‍</u>

971 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മട്ടന്നൂര്‍ ഗവണ്‍മെന്റ് പോളിടെക്നിക്കില്‍ പുതിയ ഏതെല്ലാം കോഴ്സുകള്‍ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോഴ്സുകള്‍ ആരംഭിക്കുന്നതിന് സംസ്ഥാന ഗവണ്‍മെന്റ് അംഗീകാരം നല്‍കുവാന്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(സി) ഓരോ കോഴ്സിനും എത്ര കുട്ടികള്‍ക്കു പ്രവേശനം നല്‍കുവാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കാവാലം ടെക്നിക്കൽ സ്ക്കൂൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി</u>

972 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവാലം ടെക്നിക്കൽ സ്ക്കൂൾ മാറ്റി സ്ഥാപിക്കുകയാണെങ്കിൽ ഏറ്റവും അനുയോജ്യമായ സ്ഥലം തെക്കേക്കര ഗവൺമെന്റ് ഹൈസ്ക്കൂളാണെന്ന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് അനന്തര നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) കാവാലം ടെക്നിക്കൽ സ്ക്കൂൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ :

(സി) പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കന്ററി സ്കുളുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിന് നടപടി</u>

973 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ കൃഷ്ണപുരം ജൂനിയർ ടെക്ക്നിക്കൽ സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്, ഇലക്ട്രിക്കൽ വയറിംഗ്, ഡൊമസ്റ്റിക് അപ്ലയൻസസ് തുടങ്ങിയ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കേരളത്തിലെ ജൂനിയർ ടെക്നിക്കൽ സ്ക്കുളുകളിൽ എൻ.സി.സി-യുടെ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്ക്കൂളിന് പൊതുമരാമത്ത് വകുപ്പിൽനിന്നും 44 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ബിരുദധാരികൾക്ക് മാർക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ

974

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ ബിരുദം നേടുന്ന വിദ്യാർത്ഥികൾക്ക് മാർക്ക് ഇംപ്രൂവ് ചെയ്യുന്നതിന് വീണ്ടും പരീക്ഷയെഴുതാനുള്ള സംവിധാനം നിലവിലുണ്ടോ ;

(ബി) 50% മാർക്കിൽ താഴെ വാങ്ങി ഡിഗ്രി പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ യോഗ്യതാ പരീക്ഷകളോ ഉപരിപഠനത്തിനുള്ള യോഗ്യതാ പരീക്ഷകളോ എഴുതുന്നതിന് കഴിയാത്ത കാര്യവും ബാങ്ക് ടെസ്റ്റുകൾക്കും ബി.എഡ്. പോലുള്ള കോഴ്സുകൾക്കും അഡ്മിഷൻ കിട്ടുന്നില്ല എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാർത്ഥികളുടെ ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ഡിഗ്രി പരീക്ഷകൾ പാസ്സായാലും വേണ്ടത്ര മാർക്ക് ലഭിച്ചിട്ടില്ല എന്നു കരുതുന്ന വിദ്യാർത്ഥികൾക്ക് തുടർന്ന് മാർക്ക് ഇംപ്രൂവ് ചെയ്യുന്നതിന് പരീക്ഷയെഴുതാൻ അവസരം ഉണ്ടാക്കുമോ എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കേന്ദ്ര സർവ്വകലാശാല</u>

975 ശ്രീ. മാത്യു ടി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പെരിയയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട കേന്ദ്ര സർവ്വകലാശാലയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം എന്തെന്ന് വിശദീകരിക്കുമോ;

(സി) കേന്ദ്ര സർവ്വകലാശാല അനുവദിച്ച് കിട്ടുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

കേന്ദ്ര സർവ്വകലാശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

976 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പെരിയയിലെ കേന്ദ്ര സർവ്വകലാശാലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പദ്ധതി പ്രദേശത്തെ എൻഡോസൾഫാൻ സാന്നിദ്ധ്യം സംബന്ധിച്ച് കോഴിക്കോട് ആസ്ഥാനമായുള്ള സി.ഡബ്ള്യു.ആർ.ഡി.എം. നടത്തിയ പഠന റിപ്പോർട്ട് ഇതിനകം ലഭിക്കുകയുണ്ടായോ ;

(സി) റിപ്പോർട്ട് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം അംഗീകരിക്കുകയുണ്ടായോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഒരു വിദഗ്ദ്ധസംഘം ഈയിടെ പെരിയ സന്ദർശിക്കുകയും ഉണ്ടായോ ; ആരൊക്കെയായിരുന്നു സംഘത്തിലെ അംഗങ്ങൾ : വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

കേന്ദ്ര സർവ്വകലാശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

977 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അനുവദിച്ച കേന്ദ്രസർവ്വകലാശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വകലാശാലയ്ക്ക് കീഴിൽ ജില്ലയിൽ ഏതെല്ലാം കോഴ്സുകളും കോളേജുകളുമാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) സർവ്വകലാശാലയുടെ കീഴിൽ പത്തനംതിട്ടയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച തീരുമാനം ആരാണെടുത്തതെന്നും ആരുടെ ആവശ്യപ്രകാരമാണ് പ്രസ്തുത തീരുമാനമെടുത്തതെന്നും വെളിപ്പെടുത്താമോ;

(ഇ) മെഡിക്കൽ കോളേജ് കാസർഗോഡ് ജില്ലയിൽ തന്നെ സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ സെന്റർ</u>

978 ശ്രീ. ജോസഫ് വാഴക്കൻ
'' ഹൈബി ഈഡൻ
'' എ. റ്റി. ജോർജ്
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ സെന്റർ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഈ സെന്റർ തുടങ്ങുന്നതിന് കേന്ദ്രം എന്തെങ്കിലും നിയന്ത്രണങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിയന്ത്രണങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) നിയന്ത്രണങ്ങളെ തരണം ചെയ്ത് സെന്റർ തുടങ്ങുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ഇ) സെന്ററിലെ അദ്ധ്യാപക-വിദ്യാർത്ഥി ഘടനയെക്കുറിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കേന്ദ്ര സർവ്വകലാശാലയുടെ ആസ്ഥാനം</u>

979 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന കേന്ദ്ര സർവ്വകലാശാലയ്ക്കു വേണ്ടി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;

(ബി) ഇതിന്റെ ആസ്ഥാനം എവിടെയാണെന്നാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) സർവ്വകലാശാലയ്ക്കുള്ള സ്ഥലം ഏറ്റെടുത്തു കൈമാറിയിട്ടുണ്ടോ;

(ഡി) ഇതിനുള്ള നടപടി ഉടൻ പൂർത്തിയാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കേന്ദ്ര സര്‍വ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടി</u>

980

ശ്രീ. കെ. കുഞ്ഞിരാമന്‍(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍വ്വകലാശാല സ്ഥാപിക്കുന്നതിന് സംസ്ഥാന സര്‍ക്കാര്‍ എവിടെയാണ് ഭൂമി അനുവദിച്ചു നല്‍കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ സ്ഥലം ബന്ധപ്പെട്ടവര്‍ക്ക് അളന്ന് നല്‍കിയിട്ടുണ്ടോ;

(സി) ഈ സ്ഥലത്ത് കേന്ദ്രസര്‍വ്വകലാശാലയുടെ കാമ്പസ് സ്ഥാപിക്കുന്നതിനുള്ള പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കില്‍ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കേരള സര്‍വ്വകലാശാല നിയമത്തില്‍ ഭേദഗതി</u>

981 ശ്രീ. എം.എ. ബേബി
,, എ. പ്രദീപ്കുമാര്‍
,, വി. ശിവന്‍കുട്ടി
,, ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സര്‍വ്വകലാശാല നിയമനത്തില്‍ ഭേദഗതി വരുത്താന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ ഏതെല്ലാം കാര്യങ്ങള്‍ക്കായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം ഓര്‍ഡിനന്‍സ് പുറപ്പെടുവിച്ചിട്ടുണ്ടോ; എന്താവശ്യത്തിലേക്കായിരുന്നു;

(സി) ഐ.ടി, ബയോടെക്നോളജി മേഖലയില്‍ നിന്നുള്ള വിദഗ്ധരെ സര്‍വ്വകലാശാല സിന്‍ഡിക്കേറ്റില്‍ നാമനിര്‍ദ്ദേശം ചെയ്യാനുള്ള നിയമഭേദഗതി നിലവില്‍ വന്നത് എപ്പോഴായിരുന്നു;

(ഡി) അപ്രകാരം നോമിനേറ്റ് ചെയ്യപ്പെട്ടവരെ ഇപ്പോള്‍ പിന്‍വലിക്കാന്‍ തീരുമാനിച്ചത് എന്തുകൊണ്ടാണ്?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പ്രേരക്മാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

982

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനം നടത്തിവരുന്ന പ്രേരക്മാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം വർദ്ധിപ്പിക്കുന്നതിനും അവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുമോ ?